വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) 1607.956 ലക്ഷം രൂപ.

(ബി) 47577 തൊഴിലാളികളെ പുതുതായി കൊണ്ടുവന്നു.

ഔഷധമൂല്യമുള്ള സസ്യങ്ങളുടെ സംരക്ഷണം

* 434. [464] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ.പി. പ്രഭാകരൻ :
,, വി.കെ. രാജൻ :
,, പി. കുമാരൻ :
,, കെ.ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനത്തിലുള്ള ഔഷധമൂല്യമുള്ള സസ്യങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇപ്പോൾ എത്ര ഏക്കർ സ്ഥലത്ത് ഔഷധഗുണമുള്ള സസ്യങ്ങൾ നട്ടുവളർത്തുന്നുണ്ട് ;

(സി) ഇതിനുവേണ്ടി പ്രതിവർഷം ചെലവാക്കുന്ന സംഖ്യ എത്ര?

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) :

(എ) വനത്തിലുള്ള ഔഷധമൂല്യമുള്ള സസ്യസംരക്ഷണത്തിന് പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) 189.55 ഏക്കർ (76.72 ഹെക്ടർ) സ്ഥലത്ത്. ഇതിൽ 135.91 ഏക്കർ (55 ഹെക്ടർ) സ്ഥലം സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നത്.

(സി) 1,15,000 രൂപ.

വനങ്ങളിൽനിന്നും മരം വെട്ടുന്നതിൽ നിയന്ത്രണം

* 435. [465] ശ്രീ. ടി. കെ. ഹംസ :
,, എം. ജിനദേവൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിൽനിന്നും മരം വെട്ടുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സ്വാഭാവിക വനങ്ങളിൽനിന്നും മറ്റും മരം ഇപ്പോഴും മുറിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) ഉണ്ട്.

(ബി) ക്ലിയർ ഫെല്ലിംഗ് നിർത്തിവെച്ചിട്ടുണ്ട്. സെലക്ഷൻ ഫെല്ലിംഗ് മുറിക്കുന്ന മരങ്ങളുടെ എണ്ണവും കുറച്ചിട്ടുണ്ട്. കൂടാതെ റിസർവോയറുകളുടെയും മറ്റും കാച്ചുമെന്റ് ഏരിയായിൽ മരംമുറി പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഇതിനും പുറമേ വൃക്ഷസംരക്ഷണനിയമം വഴി വിജ്ഞാപനം ചെയ്യുന്ന സ്വകാര്യ ഭൂമികളിലേയും ഏലത്തോട്ടങ്ങളിലേയും മരംമുറിയും നിരോധിച്ചിരിക്കുകയാണ്.

(സി) ഗവൺമെന്റ് അനുവാദത്തോടെ സെലക്ഷൻ ഫെല്ലിംഗ് നടക്കുന്നുണ്ട്. അതിനുപുറമേ ചില ഒറ്റപ്പെട്ട മോഷണങ്ങളും നടക്കുന്നതായ പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അഹമ്മദ് നഗർ ഭരണപരിഷ്കാരം

* 436. [466] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഹമ്മദ്നഗർ ഭരണപരിഷ്കാരം കേരള സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) മറ്റു പ്രദേശങ്ങളിലേക്കും ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നു നടപ്പിലാക്കും ;

(ഡി) ഈ ഭരണപരിഷ്കാരം കൊണ്ട് എന്തു നേട്ടമുണ്ടായി എന്നു വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (പി. ജെ. ജോസഫ്) :

(എ) ആലപ്പുഴയും കാസർഗോഡും തിരുവനന്തപുരവും ഒഴിച്ച് കേരള സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ഈ പരിഷ്കാരം നടപ്പിലാക്കി കഴിഞ്ഞു.

(ബി) ഉണ്ട്.

(സി) അടുത്ത സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) റവന്യൂ ഓഫീസുകളുടെ പ്രവർത്തന ശൈലിതന്നെ മെച്ചപ്പെട്ടു. ഓഫീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി. പൊതുജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ അധികാരികളെ നേരിട്ട് ബോധിപ്പിച്ച് പരിഹാരം തേടുന്നതിനുള്ള സാഹചര്യമുണ്ടായി. കലക്ടറേറ്റുകളിലെ പ്രവർത്തനം മെച്ചപ്പെട്ടു എന്നതിനു പുറമേ താലൂക്ക്/ഫർക്ക, വില്ലേജ് എന്നീ ഓഫീസുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് മെച്ചപ്പെടുത്തുന്നതിനും ഈ ഭരണപരിഷ്കാരംവഴി സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly